പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1574

07.03.2018 ൽ
മറുപടിക്ക്

**കെ.എ.എസ്. സംവരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുൽ ഹമീദ്. പി. | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലേക്ക് സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ആഫീസർമാർ അദ്ധ്യാപകർ മറ്റ് യോഗ്യരായ ജീവനക്കാർ എന്നിവരിൽനിന്നും നേരിട്ടുള്ള നിയമനവും കെ.എ.എസ് രണ്ടും, മൂന്നും സ്കീമുകളിലേക്ക് നിഷ്കർഷിച്ചിട്ടുള്ള ബൈ ട്രാൻസ്ഫർ നിയമനവും ഏതൊക്കെ തലങ്ങളിലാണ് വ്യത്യാസപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിലേയ്ക്ക് താഴെപറയുന്ന രണ്ട് വിഭാഗങ്ങളിൽ നിന്നും നേരിട്ടുള്ള നിയമനം ആണ് നടത്തുന്നത്.<br><br>1. ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളിൽ നിന്നും<br>2. അസിസ്റ്റന്റ് എഡ്യുക്കേഷണൽ ഓഫീസർമാർ, ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ ടീച്ചിംഗ് സ്റ്റാഫ് എന്നിവരിൽ നിന്നും.<br><br>ആയതിനാൽ മേൽ രണ്ട് വിഭാഗത്തിനും കമ്മ്യൂണൽ റിസർവേഷൻ ബാധകമാണ്. രണ്ട് വിഭാഗങ്ങളുടെയും വിദ്യാഭ്യാസ യോഗ്യതയിലും പ്രായപരിധിയിലും വ്യത്യാസമുണ്ട്.<br><br>കെ.എ.എസ്. ന്റെ Stream II സർക്കാർ വകുപ്പുകളിലെ Regular Employees/Approved probationers ൽ നിന്നുള്ള ബൈ ട്രാൻസ്ഫർ റിക്രൂട്ട്മെന്റാണ്. Stream III ൽ Schedule-I ൽ പറയുന്ന വകുപ്പുകളിലെ ആദ്യഗസറ്റഡ് തസ്തികയിലോ അതിന് മുകളിലോ അല്ലെങ്കിൽ ഇതേ ഷെഡ്യൂളിൽ വരുന്ന കോമൺ കാറ്റഗറിയിലെ തത്തുല്യ തസ്തികയിലുള്ളവരിൽ നിന്നോ ഉള്ള ബൈ ട്രാൻസ്ഫർ നിയമനം ആണ്. Stream II പ്രകാരം അപേക്ഷിക്കുന്നവർക്ക് അപേക്ഷ ക്ഷണിക്കുന്ന വർഷം ജനുവരി 1 ന് 40 വയസ്സ് തികയാൻ പാടില്ല. Stream III പ്രകാരം അപേക്ഷിക്കുന്നവർക്ക് 50 വയസ്സ് തികയാനും പാടില്ല. എന്നാൽ |

വിദ്യാഭ്യാസ യോഗ്യതകൾ രണ്ടിനും സമാനമാണ്. കെ.എ.എസ്. ൽ നേരിട്ടുള്ള നിയമനം (Stream I) വഴിയുള്ള തെരഞ്ഞെടുപ്പിന് മാത്രമെ കമ്മ്യൂണൽ റിസർവേഷൻ ബാധകമാക്കിയിട്ടുള്ളൂ. Stream II ലും Stream III ലും വരുന്ന ബൈ ട്രാൻസ്ഫർ നിയമനങ്ങൾക്ക് റിസർവേഷൻ ബാധകമല്ല.

ബി) ഡി.ഇ.ഒ നേരിട്ടുള്ള നിയമനത്തിൽ വകുപ്പുതല ജീവനക്കാരുടെ ക്വാട്ടയിൽ ഡബിൾ ബെനിഫിറ്റ് ഒഴിവാകുന്നതിനായി ഒരിക്കൽ സംവരണം കിട്ടി നിയമനം നേടിയവരെ ഒഴിവാക്കുന്നുണ്ടോ ;

ബി) ഇല്ല.

സി) കെ.എ.എസ് രണ്ടും, മൂന്നും സ്ട്രീമുകളിലേക്കുള്ള ബൈ ട്രാൻസ്ഫർ നിയമനത്തിന് കെ.എസ് ആന്റ് എസ്.എസ്.ആർ - ലെ ഏതൊക്കെ ചട്ടങ്ങളാണ് ബാധകമാകുകയെന്ന് വെളിപ്പെടുത്തുമോ ;

ഡി) ബൈ ട്രാൻസ്ഫർ നിയമനവും ബൈ ട്രാൻസ്ഫർ റിക്രൂട്ട്മെന്റും തമ്മിലുള്ള വ്യത്യാസമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) & (ഡി) കെ.എസ് ആന്റ് എസ്.എസ്.ആർ. ൽ Direct Recruitment ഉം By Transfer Recruitment ഉം മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. റിക്രൂട്ട്മെന്റ് റൂളിലെ വ്യവസ്ഥകൾക്ക് വിധേയമായി താഴ്ന്ന കേഡറിലുള്ള ഉദ്യോഗസ്ഥരിൽ നിന്നും (from full member or approved probationer) ഉയർന്ന കേഡറിലേയ്ക്ക് നടത്തുന്ന തെരഞ്ഞെടുപ്പാണ് By Transfer recruitment.

ഇ) കെ.എസ് ആന്റ് എസ്.എസ്.ആർ പ്രകാരം ബൈ ട്രാൻസ്ഫർ നിയമനത്തിന് മെറിറ്റും കോൺഫിഡെൻഷ്യൽ റിപ്പോർട്ടും സീനിയോറിറ്റിയും ഒഴിവാക്കി റിക്രൂട്ട്മെന്റ് പ്രോസസിലൂടെ നിയമനം നടത്താൻ സാധിക്കുമോ-യെന്ന് വ്യക്തമാക്കുമോ ; ഫുൾ മെമ്പറോ- അപ്രൂവ്ഡ് പ്രൊബേഷണറോ ആകാതെ സർവ്വീസിൽ റെഗുലറൈസ് മാത്രം ചെയ്യപ്പെട്ടിട്ടുള്ള ജീവനക്കാരനെ കെ.എസ് ആന്റ് എസ്.എസ്.ആർ പ്രകാരം ബൈ ട്രാൻസ്ഫർ റിക്രൂട്ട്മെന്റിന് പരിഗണിക്കുവാൻ കഴിയുമോ; വ്യക്തമാക്കുമോ ?

ഒരു സർവ്വീസിലെ തസ്തികയിലേയ്ക്കുള്ള നിയമനത്തിന് ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിൽ/ഉത്തരവുകളിൽ വ്യവസ്ഥ ചെയ്യിട്ടുള്ള നിയമന രീതിയുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. കെ.എ.എസ്. ലേയ്ക്കുള്ള നിയമനരീതിയും യോഗ്യതയും കെ.എ.എസ്. ചട്ടങ്ങളിലെ ചട്ടം 12 ൽ വ്യവസ്ഥ ചെയ്യിട്ടുണ്ട്.

സെക്ഷൻ ഓഫീസർ